പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 300

21.12.2012 ൽ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക ബാദ്ധ്യത അധികരിക്കുന്നതായ സ്ഥിതിവിശേഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ. ആർ. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക ബാദ്ധ്യത അധികരിക്കുന്നതായ സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നൽകിയിരുന്ന ധനസഹായം 15.09.2011 മുതൽ പട്ടികജാതി വിഭാഗത്തിന് 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും പൊതു വിഭാഗത്തിന് 75,000/- രൂപയായിരുന്നത് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയായിരുന്നത് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ പ്രാബല്യം നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നൽകുന്ന ധനസഹായമായ 48,500/- രൂപയ്ക്ക് പുറമേ |

നൽകേണ്ട തുക ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്.

എന്നാൽ 15.09.2011 മുതൽ പ്രാബല്യം നൽകികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വർദ്ധനവ് മുഖേന ഉണ്ടായിട്ടുള്ളതായ അധിക ബാധ്യതയും ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്തണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു മുഖാന്തിരം ബ്ളോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക ബാധ്യത വർദ്ധിച്ചിട്ടുണ്ട്. ഐ.എ.വൈ പദ്ധതിയുടെ നടത്തിപ്പിനായി വേണ്ടി വരുന്ന അധിക ബാധ്യതയിൽ പകുതിയും ബ്ളോക്കു പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിൽ നിന്നും നീക്കിവയ്ക്കേണ്ടിവരുന്നു.

ബ്ളോക്കുപഞ്ചായത്ത് പ്രസിഡന്റുമാർക്ക് പുതിയ ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വാഹനത്തിന്റെ ഇന്ധനച്ചെലവ്, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ വേതനം യാത്രാപ്പടി, ബ്ളോക്കു പഞ്ചായത്തു മെമ്പർമാരുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം, യാത്രാപ്പടി, ഉപയോഗത്തിന്റെ അനുപാതത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് ആവശ്യമായ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. ഇതു മുഖേനയാണ് ബ്ളോക്കു പഞ്ചായത്തുകളുടെ സാമ്പത്തിക ബാധ്യത വർദ്ധിച്ചിട്ടുള്ളത്. ബ്ളോക്കു പഞ്ചായത്തുകൾക്ക്

ളിട്ട് കിട്ടിയിട്ടുള്ള പി.എച്ച്.സി.കളുടെ പ്രവർത്തനത്തിനും കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നു.

| | | | |
|---|---|---|---|
| സി) | ബ്ലോക്ക് പഞ്ചായത്തുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) | ഇന്ദിരാ ആവാസ് പദ്ധതിയുടെ തുക വർദ്ധനവ് മുഖേന ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സാമ്പത്തിക ബാധ്യത അധികരിച്ചിരിക്കുന്നതിനാലും, അധിക ബാധ്യത 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യം പല ബ്ളോക്കു പഞ്ചായത്തുകളിലും നിലനിൽക്കുന്നതിനാലും 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായ 48,500/- രൂപയ്ക്കു പുറമേ അധിക ബാധ്യതയായി വരുന്ന തുകയിൽ ഒരു വീടിന് 75,000/- രൂപ വീതം സർക്കാർ വിഹിതമായി നൽകുന്നതിന് 18.09.2012 ലെ സർക്കാർ ഉത്തരവ് (സാധാ നം. 2627/2012/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനായി 2012-13 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനു പുറമേ 100 കോടി രൂപ ആവശ്യാനുസരണം അനുവദിക്കുന്നതായിരിക്കുമെന്നും ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>എന്നാൽ ഇന്ദിരാ ആവാസ് യോജനയുടെ അധിക ബാധ്യത കണ്ടെത്തുന്നതിനായി ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിലവിലുള്ള അനുപാതമായ 25:50:25 എന്ന ക്രമത്തിൽ മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.. |

2011-12 വർഷത്തിൽ പൂർത്തിയാക്കാൻ കഴിയാത്തതും ബാക്കി തുക നൽകുവാനു ള്ളതുമായ വീടുകൾക്കും 2012-13 ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനു പുറമെയായി വരുന്ന അധിക ബാദ്ധ്യതയിൽ ഒരു വീടിനു 75000 രൂപ ക്രമത്തിൽ സർക്കാർ വിഹിതമായി നൽകുന്നതിലേയ്ക്കുമായി ഹഡ്കോയിൽ നിന്നു ലോൺ എടുത്തു നൽകുവാൻ തീരുമാനിച്ചു.

സെക്ഷൻ ഓഫീസർ